# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : യു പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപിക | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താ ലോകത്തേക്ക് പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതിക | ആറ് മാസം | വിദ്യാരംഗം കലാസാഹിത്യ വേദി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ആശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | | | |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളിൽ സർഗശേഷി വളർത്തൽ. | പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരെണ്ണമെങ്കിലും | പഠിതാക്കൾ മലയാളം അധ്യാപിക | |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | കവിത, നാടകം എന്നീ സാഹിത്യരൂപങ്ങളുടെ ദൃശ്യാവിഷ്കാരം അവതരണം, | ഡിസംബർ | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സർഗാത്മക രചനകൾക്ക് പ്രാധാന്യം നൽകൽ | ഓരോ മാസത്തെയും പ്രവർത്തനങ്ങളും സർഗാത്മക രചനകളും ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നതിന് | ഫെബ്രുവരി | മലയാളം അധ്യാപിക | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26

മേഖല : യുപി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അക്കൂട്ട്- കളിയിൽനിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രവർത്തികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അംഗങ്ങളേക്ക് ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ ഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്കെത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെ നേരിടാൻ പ്രാപ്തി നേടുംവിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെത്തുന്ന രീതിയിലുള്ള ചോദ്യോത്തരവേദകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

മേഖല - അക്കാദമികം

ഉപമേഖല : ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഉപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും, സംസാരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ | മൂല്യനിർണയം നടത്തി കഴിവുകൾ പോരായ്മകൾ പഠനവിടവുകൾ എന്നിവ കണ്ടെത്തുന്നു. | ജൂൺ. ആദ്യവാരം | | |
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | അക്ഷര കാർഡ്<br>അക്ഷരം എഴുതുന്ന് ചിത്രം പഠനം.<br>പദക്കാർഡ് നിർമ്മാണം<br>അക്ഷരമാല വിവിധ രീതിയിൽ കുട്ടികൾ നിർമ്മിക്കുന്നു. (ചാർട്ട്, മരം)<br>ഹിന്ദി ഭാഷയിൽ ഗാനങ്ങൾ കഥകൾ കേൾക്കുന്നു. | ജൂൺ -10 മാർച്ച്. | അക്ഷര ചാർട്ട്<br>ICT<br>പാഠപുസ്തകം<br>ചിത്രങ്ങൾ.<br>വിവിധ പുസ്തകങ്ങൾ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം ഉണ്ടാക്കുക | വായനാവാര ദിനാചരണങ്ങൾ [പോസ്റ്റർ നിർമ്മാണം] പദപ്പയറ്റ്, പാട്ടുപാടി ചിത്രസംപുടം | ജൂൺ - മാർച്ച് | ചാർട്ട്പേപ്പർ<br>ICT<br>ലൈബ്രറി പുസ്തകങ്ങൾ | |
| കുട്ടിയെ വായനാ ലോകത്തേക്ക് കൊണ്ടുവരുന്നു. | ലൈബ്രറി വായന, വായനാ കുറിപ്പ് നിർമ്മാണം. | ജൂൺ - മാർച്ച്. | പാഠപുസ്തകം<br>നോട്ടുബുക്ക്<br>ഡിക്ഷ്ണറി | |
| കരിക്കുലം ലക്ഷ്യം വെക്കുന്ന ഭാഷാ പഠനനേട്ടങ്ങൾ | ക്ലബ് രൂപീകരണം<br>കലണ്ടർ നിർമ്മാണം<br>പഠനോപകരണ നിർമ്മാണം. | ജൂൺ - മാർച്ച് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമഗ്രികൾ |
|---|---|---|---|---|
| | ചിത്രകഥകൾ, നാടകീയ പദങ്ങൾ | | | |
| ാക്യങ്ങൾ സ്വയം ഴുതുന്നതിനും ആശയങ്ങൾ മനസി ലാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക. | വായനാകാർഡ് നിർമ്മിക്കുക<br>പാഠടിപ്പണി<br>ലഘുചിത്രകഥാലേഖനം<br>പാഠം വായനക്കു പുറമേ<br>ലഘു കഥാ പുസ്തകങ്ങൾ<br>കവിതകൾ വായിക്കുന്നു.<br>ലഘുവാചകങ്ങൾ<br>സംസാരിക്കുന്നു.<br>അസംബ്ലി നടത്തുന്നു. | ജൂലായ്<br>10<br>മാർച്ച് | ലൈബ്രറി<br>പാഠപുസ്തകം<br>ICT<br>ചാർട്ട്<br>നിഘണ്ടു. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

അടിസ്ഥാനശാസ്ത്രം - യു. പി വിഭാഗം 5, 6, 7

2025 - 2026

Rosemol Joy

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ആഹാര സാധനങ്ങളിലെ മായം ചേർക്കലിന്റെ ദോഷ ഫലങ്ങളെക്കുറിച്ചും, പോഷകമൂല്യമുള്ള ആഹാരം കഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കണ്ടെത്തി പഠിക്കുന്നു. | * ഭക്ഷണത്തിലെ പോഷക ഘടകങ്ങൾ കണ്ടെത്തി തിരിക്കൽ<br>* പരീക്ഷണങ്ങളിലൂടെയുള്ള മായം തിരിച്ചറിയൽ<br>* പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള ചർച്ചകൾ | ജനുവരി-മാർച്ച് | Science Tr<br>Students | |
| 2 | പാഠഭാഗങ്ങളുടെ പരീക്ഷണങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കുചേർക്കുന്നു. കുട്ടികൾ സ്വയം പരീക്ഷണങ്ങൾ ചെയ്യാൻ പ്രാപ്തരാകുന്നു. | * സയൻസ് ലാബിലും, ക്ലാസ്സ്മുറിയിലും വിവിധ പരീക്ഷണങ്ങൾ നടത്തുകയും പരീക്ഷണക്കുറിപ്പും നിരീക്ഷണങ്ങളും കണ്ടെത്തലും എഴുതാനും പരിശീലനം നൽകുന്നു. | ആഗസ്റ്റ്-ജനുവരി | Science Tr. | |
| 3. | അടുക്കള തോട്ടം നിർമ്മിക്കൽ | * ജൈവ വളം, സസ്യ പരിപാലനം, വിത്ത് ശേഖരണം എന്നിവയിൽ കുട്ടികൾ പങ്കാളികളാകുന്നു. | ഒക്ടോബർ-ഫെബ്രുവരി. | സയൻസ് ടീച്ചർ, | |

| | | | | | |
|---|---|---|---|---|---|
| | | *സസ്യ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ നേരിൽ കാണുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. <br> * കൃഷിയുടെ പ്രാധാന്യത്തെ കുറിച്ച് സഹപാഠികളോട് പറയുന്നു. | | | |
| 4. | പ്രകൃതിയിലെ ജൈവ വൈവിധ്യം അറിയുന്നതിന് ഉദ്യാന നിർമാണം. | * വിവിധ തരം സസ്യങ്ങളെ നട്ടുവളർത്തുകയും പരിപാലിക്കുകയും ചെയ്യുന്നു. <br> * സസ്യ വർഗങ്ങളെയും ജീവവർഗങ്ങളെയും തരം തിരിക്കൽ <br> * ജീവികളുടെ വളർച്ച ഘട്ടങ്ങൾ നിരീക്ഷിക്കൽ | ആഗസ്റ്റ്- ജനുവരി | Science Tr. | |
| 5. | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | * വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നു | ജൂൺ - സെപ്റ്റംബർ | Science Tr; School authority Science club | |

| | | | | |
|---|---|---|---|---|
| | * ലഹരി പോലുള്ള ദുശീലങ്ങൾ ശരീരത്തിലും സമൂഹത്തിലും ഉണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ച് ക്ലാസുകൾ നടത്തുന്നു.<br>* ക്ലാസ്റൂമും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

മേഖല : UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, ഡൈസ്.... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല:- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ<br>പ്രകൃതിയുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ കണ്ടെത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | PTA, ഗണിത ക്ലബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള വ്യക്തികളിലൂടെ (അധ്യാപകർ, മറ്റു മേഖലയിലുള്ളവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | PTA |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ രണ്ട് പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം:- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

Academic Master Plan

2025 - 2026

U P Section

English

K.E.C.U.P S POTTA

# Academic Master Plan 2025 - 2026

Subject : English.   Skill : LSRW   Class : V, VI, VII

| Objectives | Activities | Duration | Responsibility | Finance. |
| --- | --- | --- | --- | --- |
| Listening | - To enable the students to understan common instructions / basic conversation / simple stories / News etc.<br>→ Tr. Presents Videos / audios of Situational Conversation<br>→ Listen and Repeat<br>Simple dialogues are given. Students Repeat the same.<br>→ Listen & Draw<br>→ News Broad cast | June - July | English Tr | School. |
| Speaking | → Self Introduction<br>→ Interview a partner<br>→ Show & Tell<br>→ Book Talks<br>→ Conversation & Story Telling | August - September | English Tr<br>Class Tr | School. |

| Objectives | Activities | Duration | Responsibility | Finance |
|---|---|---|---|---|
| Reading | → Read Aloud<br>→ Pair Reading<br>→ chain Reading<br>→ Ecto Reading<br>→ Group Reading<br>→ Book clubs<br>→ News Reading | Oct - Nov - Dec | English tr | School |
| Writing | → Word Association games<br>→ Descriptive Writing<br>→ Diary entry<br>→ Wishing Cards<br>→ Letter Writing<br>→ SMS | January - February | English tr | School. |

# അക്കാദമിക

# മാസ്റ്റർപ്ലാൻ

2025-26

UP Sanskrit

ല - അക്കാദമികം

അക്കാദമിക മാസ്റ്റർ പ്ലാൻ UP 2025

ഉപജില്ല - നാട്ടുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ 3 മുതൽ 6 വരെ. | അക്ഷരചാർട്ട്<br>ICT<br>പാഠപുസ്തകം<br>ചിത്രങ്ങൾ<br>പുസ്തകങ്ങൾ | |
| * അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | അക്ഷരകാർഡ്<br>അക്ഷരം എഴുത്ത്<br>ചിത്രം ഉറപ്പിക്കൽ<br>പദകാർഡ് നിർമ്മാണം<br>അക്ഷരമാല ചാർട്ട് or<br>അക്ഷരമരം നിർമ്മിക്കൽ<br>സംസ്കൃതം പാട്ടുകൾ, കഥകൾ കേൾക്കുന്നു.<br>ചിത്രകഥകൾ<br>നാമപദങ്ങൾ<br>ക്രിയാപദങ്ങൾ. | ജൂൺ മുതൽ മാർച്ച് വരെ. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | [illegible] |
|---|---|---|---|---|
| വാക്യങ്ങൾ എഴുതുന്നു. ആശയം മനസ്സിലാക്കി ഭാഷ എഴുതാനും വായിക്കാനുമുള്ള കഴിവ് വികസിപ്പിക്കൽ | വായനാകാർഡ് വായിപ്പിക്കൽ. പാടിപ്പിച്ച് എഴുതുന്നു. ലഘു ചിത്രകഥാലേഖനം. പാഠവായനകൾ പലവട്ടം. ലളിതമായ ഭാഷയിലുള്ള കഥകൾ, കവിതകൾ വായിക്കുന്നു. ക്വിസ് മത്സരം സംഘടിപ്പിക്കുക. ലഘുവായ വാചകങ്ങൾ സംസാരിക്കുന്നു. ബാലകവിതാലേഖനം. അസംബ്ലിയിൽ വായനാക്കുറിപ്പ്, ചിന്താവിഷയം ന്യൂസ് എന്നിവയുടെ വായന പ്രോത്സാഹിപ്പിക്കൽ. | ജൂൺ. മുതൽ. മാർച്ച് വരെ. | ലൈബ്രറി പാഠപുസ്തകം ICT ചാർട്ട് നിഘണ്ടു | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| ...ശയങ്ങൾ ഒപ്പം കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക | വായനാവാരം, ദിനാചരണങ്ങൾ [പോസ്റ്റർ നിർമ്മാണം] പദപ്പയറ്റ്, പാദടിപ്പണി കുറിപ്പുകൾ, ചിത്രസംപുടം | ജൂൺ മുതൽ മാർച്ച് വരെ. | | |
| * കുട്ടിയെ വായനാ ലോകത്തേക്ക് കൊണ്ടുവരൽ. | ലൈബ്രറി വായന വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തൽ . അസംബ്ലി (സംസ്കൃതം . സുഭാഷിതാലാപനം | ഡിസംബർ മുതൽ മാർച്ച് വരെ. | | |
| * കരിക്കുലം ലക്ഷ്യം വെക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | ക്ലബ് രൂപീകരണം കലണ്ടർ നിർമ്മാണം പഠനോപകരണ നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ. | | |

# Academic Master Plan URDU

# 2025-2026

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം
പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ
ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു
ഹിന്ദി പോലെ ഒരേ ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു
വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന
സംഗീത സാന്ദ്രമായ ഭാഷ കൂടിയാണ് ഉറുദു. ഗസലുകളുടെയും
കവിതകളുടെയും ഭാഷ, ഹിന്ദുസ്ഥാനി സംഗീതത്തിന്റെ
അന്തർധാരയായ ഉറുദു സാംസ്കാരിക സമന്വയത്തിന്റെയും
മതേതരത്വത്തിന്റെയും
മാനവ സാഹോദര്യത്തിന്റെയും
മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

കെ.ഇ.സി.യു.പി.എസ് സ്കൂളിൽ
2025/2026 വർഷത്തിൽ ഉറുദു ഭാഷാ പഠനവുമായി
ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക
ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും, നിർദേശങ്ങളും
താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

* ഉറുദു ഭാഷ പഠനം ആയാസവും, രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
* ഉറുദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
* തൊഴിൽ അനുബന്ധ മത്സര പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
* ഉറുദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
* ഉറുദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എട്ടാം ക്ലാസ് കഴിയുമ്പോഴേക്കും ഉറുദു വായിക്കാനും, കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
* മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉറുദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പ് വരുത്തുക
* ഉറുദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യമതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക
* വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
* എല്ലാ കുട്ടികൾക്കും ഭാഷയുള്ള കമ്പ്യൂട്ടർ സാക്ഷരത്വമാക്കാനുള്ള പരിശീലനം നൽകുക.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന രീതി | സമയദൈർഘ്യം | ചുമതല | ചെലവ് | മോണിറ്ററിങ് |
|---|---|---|---|---|---|---|
| 1. | പഠനം അതിലൂടെ ഭാഷ / ഉറുദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ ബാലമാസികകൾ, ഉറുദു പത്രങ്ങൾ വായനകാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം സബ്ജക്ട് കൗൺസിൽ |
| 2. | മേരെ അൽഫാസ് ഉറുദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷിവളർത്തൽ, ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത്, സർഗാത്മകത വളർത്തുന്നതിനും കയ്യെഴുത്ത് മാസിക, വായന കാർഡ്, ചുമർപത്രിക നിർമ്മാണം. | ടേം ൽ 1 വീതം | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്എം സബ്ജക്ട് കൗൺസിൽ |
| 3. | എഴുത്ത് | ഓരോ പദങ്ങൾ ഓരോ ദിവസവും പരിചയപ്പെടുത്തുന്നു. പുതിയ പദം വായിക്കാനും എഴുതാനും പഠിക്കുന്നു. | 1 വർഷം | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച് എം സബ്ജക്ട് കൗൺസിൽ |
| 4. | ഖസാന - ഇ - ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും, ഉറുദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉറുദു ക്ലബ്ബ് | | എച്ച് എം സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 5. | ഉറുദു ദിനം | ടാലന്റ് മീറ്റ്, അനുസ്മരണം ഭാഷാസെമിനാർ, എന്റെ പതിപ്പ | അതാത് ദിനങ്ങളിൽ | ഉറുദു ക്ലബ്ബ് | | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 6. | മുശാഇറ | ഉറുദു ഗസലിനേയും, ഹിന്ദുസ്ഥാനി സംഗീതത്തെയും അറിയുന്നതിനും സംഗീതവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും, ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ്ബ് | | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 7. | ഹമാരി സബാൻ ഉറുദു | ടാലന്റ് മീറ്റ്, മെമ്മറി ടെസ്റ്റ് മാഗസിൻ | അതാത് ദിനങ്ങളിൽ | ഉറുദു സബ്ജക്റ്റ് കൗൺസിൽ | | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 8. | ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന വിവിധ ദിനാചരണങ്ങൾ പരിപാടികൾ സംഘടിപ്പിക്കൽ | അതാത് ദിനങ്ങളിൽ | ഉറുദു ക്ലബ്ബ് | | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |
| 9. | ഉറുദു ഭാഷാപ്രയോഗം | ഉറുദു ഭാഷ സന്ദർഭത്തിനനുസരിച്ച് സംസാരിക്കാനുള്ള ശേഷി ക്ലാസ് റൂമിൽ നിന്ന് നേടിയെടുക്കൽ | ഒരു വർഷം | ഉറുദു സബ്ജക്റ്റ് കൗൺസിൽ | | എച്ച്.എം. സബ്ജക്റ്റ് കൗൺസിൽ |